**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 852** **31-01-2024 - ൽ മറുപടിയ്ക്ക്**

**കെടാവിളക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ 'കെടാവിളക്ക്' എന്ന പദ്ധതി ആവിഷ്കരിക്കാനുണ്ടായ അടിയന്തര സാഹചര്യം വ്യക്തമാക്കുമോ; | (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ സർക്കാർ / സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി. (ന്യൂനപക്ഷ സമുദായങ്ങൾ ഒഴികെ) വിദ്യാർത്ഥികൾക്ക് അവരുടെ പഠന മികവിന്റെ അടിസ്ഥാനത്തിൽ 1500/- രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2022-23 മുതൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ കെടാവിളക്ക് സ്കോളർഷിപ്പ് എന്ന പേരിൽ പുതുതായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എത്ര വിദ്യാർത്ഥികൾക്കാണ് സഹായം ലഭ്യമാക്കുന്നത് ; പദ്ധതി കൂടുതൽ ക്ലാസ്സുകളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | 2023-24 വർഷം മുതൽ നടപ്പാക്കുന്ന ടി പദ്ധതി പ്രകാരം ആകെ 1,20,659 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിൽ ആണ് ഈ സ്കോളർഷിപ്പ് നടപ്പിലാക്കിയിട്ടുള്ളത്. 9, 10 ക്ലാസ്സുകളിൽ കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി നടപ്പിലാക്കുന്ന സാഹചര്യത്തിലും പ്ലസ് വൺ മുതലുള്ള കോഴ്സുകളിൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനാലും കെടാവിളക്ക് സ്കോളർഷിപ്പ് നിലവിലെ രീതിയിൽ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ